5524
15/3/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- മൂന്നാർ വനം ഡിവിഷൻ-ദേവികുളം റെയിഞ്ച് ഒ.ആർ.81/2004-പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയത്- സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എം.എം.മുഹമ്മദ് ഷാഫി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.80/2017/വനം                    തീയതി, തിരുവനന്തപുരം. 05.03.2017.

പരാമർശം:-
1) 18.03.2011, 15.03.2012, 08.04.2015 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി8-29255/2009 നമ്പർ കത്തുകൾ.
2) 29.03.2011 തീയതിയിലെ 3169/എ 1/2011/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3) 13.04.2011 തീയതിയായി ശ്രീ.എം.എം.മുഹമ്മദ് ഷാഫി. സെക്ഷൻ ഫോറസ്റ്റർ, 24.05.2011 തീയതിയായി ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.
4) 11.09.2012 ലെ സ.ഉ.(സാധാ) നം. 449/2012/വനം ഉത്തരവ്.
5) 14.02.2014 ൽ ശ്രീ.പി.പി.പ്രമോദ് ഐ.എഫ്.എസ് സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ട്.
6) 07.08.2015 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7) 22.09.2015 ൽ ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച വിശദീകരണം
8) 30.09.2015 ൽ ശ്രീ.എം.എം.മുഹമ്മദ് ഷാഫി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം
9) 27.01.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി8-29255/2009 നമ്പർ കത്ത്
10) 05.01.2016 ലെ 2269/എ 1/2014/വനം നമ്പർ സർക്കാർ കത്ത്
11) 10.01.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(3)251/16/GW നമ്പർ കത്ത്

<u>ഉത്തരവ്</u>

മൂന്നാർ വനം ഡിവിഷൻ ദേവികുളം റേഞ്ച് ഒ.ആർ.81/04 പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയതുമായി ബന്ധപ്പെട്ട് പരാമർശം

(1) ലെ 18.03.2011 ലെ കത്തിലെ ശുപാർശ പ്രകാരം സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2. ഇവർക്കെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) ദേവികുളം റെയിഞ്ചിൽ 21.10.2004-ൽ രജിസ്റ്റർ ചെയ്ത ഒ.ആർ.81/04-ാം നമ്പർ കേസിനാസ്പദമായ യൂക്കാലിപ്റ്റസ് തടികൾ പാലാർ എച്ച്.എൻ.എൽ പ്ലാന്റേഷനു സമീപമുള്ള ഷോല ഫോറസ്റ്റിൽ നിന്നും നഷ്ടപ്പെട്ടത് യഥാസമയം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തി.

(ii) പ്രസ്തുത കേസ്സിലെ പ്രതികളുടെ മൊഴി അനുസരിച്ച് കസ്റ്റഡിയിലെടുക്കാമായിരുന്ന തൊണ്ടിത്തടികൾ കണ്ടുപിടിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ യാതൊരു ആത്മാർത്ഥ ശ്രമവും നടത്തിയില്ല.

(iii) ടിയാന്റെ മേൽ പ്രവർത്തികൾ മൂലം സർക്കാരിലേയ്ക്ക് 10,000/- രൂപയുടെ നഷ്ടമുണ്ടായി. മാത്രമല്ല പ്രസ്തുത തൊണ്ടിത്തടികൾ കസ്റ്റഡിയിൽ എടുക്കാതിരുന്നതിനാൽ അതു കടത്തിക്കൊണ്ടു പോകുവാൻ ഉപയോഗിച്ച കെ.എൽ.7 എസ്-5063 നമ്പർ ലോറി വന നിയമത്തിലെ 61 എ വകുപ്പ് പ്രകാരം സർക്കാരിലേയ്ക്ക് കണ്ടു കെട്ടുവാൻ സാധിക്കാതെ വന്നു.

3. കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തന്റെ അഭിപ്രായം പരാമർശം (1) ലെ 15.03.2012 കത്ത് പ്രകാരം അറിയിച്ചു.

4. കുറ്റാരോപിതരുടെ പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ പരാമർശം (4) പ്രകാരം ഒരു ഔപചാരികാന്വേഷണത്തിന് ഉത്തരവായി. പരാമർശം (5) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അയച്ചു തന്നു. ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്.

(i) ദേവികുളം റെയിഞ്ചിൽ 21.10.2004-ൽ രജിസ്റ്റർ ചെയ്ത ഒ.ആർ.81/04-ാം നമ്പർ കേസിനാസ്പദമായ യൂക്കാലിപ്റ്റസ് തടികൾ പാലാർ ഹിന്ദുസ്ഥൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പ്ലാന്റേഷനു സമീപമുള്ള ഷോല വനത്തിൽ നിന്നും നഷ്ടപ്പെട്ട കുറ്റകൃത്യം 15.10.2004 ന് കുറ്റാരോപിതരായ രണ്ട് ഉദ്യോഗസ്ഥന്മാരും കണ്ടിരുന്നുവെന്ന് റെയിഞ്ചാഫീസർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും, വിചാരണ വേളയിൽ ദേവികുളം റെയിഞ്ചിലെ ദിവസക്കൂലി വാച്ചറായ ശേഖർ, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീമതി.വി.എസ്.മേരി, ശ്രീ.എ.പി.തങ്കച്ചൻ എന്നിവരുടെ മൊഴിയിൽ നിന്നും ബോധ്യമാകുന്നു. എന്നാൽ കുറ്റകൃത്യത്തിന് മഹസ്സർ തയ്യാറാക്കിയത് 21.10.2004 തീയതിയിലാണ്. ഇതിൽ നിന്നും ഒന്നാമത്തെ കുറ്റം മേൽ രണ്ട് കുറ്റാരോപിതർക്കെതിരെയും നിലനിൽക്കുന്നതാണ്. അതിനാൽ കുറ്റം തെളിഞ്ഞിട്ടുണ്ട്.

(ii) ഈ കേസുമായി ബന്ധപ്പെട്ട പാലാർ ഷോല വനത്തിൽ നിന്നും മുറിച്ച് കെ.എൽ.7 എസ്-5063 നമ്പർ ലോറിയിൽ കടത്തിക്കൊണ്ടു പോയ യൂക്കാലിപ്റ്റസ് തടികൾ പെരുമ്പാവൂർ ഭാഗത്തുള്ള ഒരു പുതിയ പ്ലൈവുഡ് മില്ലിൽ എത്തിച്ച വിവരവും, ടി

സ്ഥലം കാണിച്ച് തരാമെന്ന് 29.10.2004 ൽ കസ്റ്റഡിയിലെടുത്ത കെ.എൽ.7 എസ്-5063 നമ്പർ ലോറിയുടെ ഡ്രൈവർ ശ്രീ.റെജി ആന്റണിയും ക്ലീനറായ ശ്രീ.റെജി എൽദോസും മൊഴി നൽകിയിട്ടുണ്ട്. ഈ തൊണ്ടി വകകൾ കണ്ടെത്താൻ ആത്മാർത്ഥമായ ശ്രമം ഉണ്ടായിരുന്നുവെങ്കിൽ ആവശ്യമായ സ്റ്റാഫുമൊത്ത് മതിയായ സന്നാഹങ്ങളോടെ റെയിഞ്ചാഫീസറുടെ നേതൃത്വത്തിൽ മലയാറ്റൂർ ഡിവിഷന്റെ പരിധിയിലുള്ള സ്ഥലത്ത് പ്രതികളുമായെത്തി കടത്തിക്കൊണ്ടുവന്ന് തടികൾ ഇറക്കിയ പ്ലൈവുഡ് മില്ലിൽ നിന്നും തൊണ്ടി വകകൾ കണ്ടെടുക്കാമായിരുന്നു. നഷ്ടപ്പെട്ട തൊണ്ടി വകകൾ കണ്ടെത്തുവാൻ, റെയിഞ്ചാഫീസറുടെ സഹായം ആവശ്യപ്പെട്ട് സെക്ഷൻ ഫോറസ്റ്റർ 16.11.2004 ന് റെയിഞ്ചാഫീസർക്ക് നൽകിയ കത്തിന് മറുപടിയായി തൊണ്ടി വകകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ 24.11.2004 ന് റെയിഞ്ചാഫീസർ ഫോറസ്റ്റർമാർക്ക് കത്ത് നൽകുകയാണുണ്ടായത്. ഫോറസ്റ്റർ എന്ന നിലയിൽ മറ്റൊരു ഡിവിഷന്റെ അധികാര പരിധിയിൽപ്പെട്ട സ്ഥലത്ത് പോയി പരിശോധന നടത്തി തൊണ്ടി വകകൾ കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആ വിവരം വ്യക്തമാക്കി വീണ്ടും റെയിഞ്ചാഫീസറോട് സഹായം അഭ്യർത്ഥിക്കുകയോ പരിശോധന നേതൃത്വം നൽകാൻ ആവശ്യപ്പെടുകയോ ചെയ്യാമായിരുന്നു. എന്നാൽ തുടർന്ന് ഫോറസ്റ്ററുടെ ഭാഗത്തു നിന്നും തൊണ്ടി വകകൾ കണ്ടെത്തുന്നതിന് യാതൊരു വിധ ശ്രമങ്ങളും ഉണ്ടായതായി കാണുന്നില്ല. തൊണ്ടിത്തടികൾ കടത്തിക്കൊണ്ടുപോയി ഇറക്കി എന്നു പറയുന്ന പെരുമ്പാവൂർ എന്ന സ്ഥലം മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വരുന്ന സ്ഥലമാണെന്ന് റെയിഞ്ചാഫീസർക്ക് വ്യക്തമായി അറിയാമായിരുന്നിട്ടും മൂന്നാർ ഡിവിഷന്റെ പരിധി വിട്ട് കടത്തിക്കൊണ്ടു പോയ തടികൾ വീണ്ടെടുക്കുവാൻ റെയിഞ്ചാഫീസർ ഫോറസ്റ്ററെ മാത്രം ചുമതലപ്പെടുത്തിയ നടപടി ശരിയല്ല. ടി തടികൾ വീണ്ടെടുക്കുവാൻ റെയിഞ്ചാഫീസർ നേതൃത്വം നൽകേണ്ടതായിരുന്നു. ഇതിൽ നിന്നും രണ്ടാമത്തെ കുറ്റവും മേൽ രണ്ട് കുറ്റാരോപിതരുടെ പേരിലും നിലനിൽക്കുന്നതാണെന്ന് കാണുന്നു. അതിനാൽ രണ്ടാമത്തെ കുറ്റവും തെളിഞ്ഞിട്ടുണ്ട്.

(iii) മേൽ രണ്ട് കുറ്റാരോപിതർക്കെതിരെയും ഒന്നും രണ്ടും കുറ്റങ്ങൾ പൂർണ്ണമായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൂന്നാമത്തെ കുറ്റവും നിലനിൽക്കുന്നതാണ്. അതിനാൽ ഈ കുറ്റവും തെളിഞ്ഞിട്ടുണ്ട്.

5. കുറ്റാരോപിതർക്കെതിരെയുള്ള മൂന്ന് കുറ്റങ്ങളും തെളിഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ 10,000/- രൂപയുടെ സർക്കാർ നഷ്ടമുണ്ട്. ടി നഷ്ടത്തിൽ ഓരോരുത്തരുടെയും ബാധ്യത അറിയിക്കാൻ ആവശ്യപ്പെട്ടതിൽ ഔപചാരികാന്വേഷണ റിപ്പോർട്ട് പ്രകാരം ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകളെല്ലാം തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയത്തിലെ സർക്കാർ നഷ്ടമായ 10,000/- രൂപ ടിയാന്മാരിൽ നിന്നും തുല്യമായി ഈടാക്കാവുന്നതാണെന്ന് പരാമർശം (1) ലെ 08.04.2015 ലെ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും 5,000/- രൂപ (അയ്യായിരം രൂപ മാത്രം) ഈടാക്കാനും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും, ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) ന്റെ ഡി.സി.ആർ.ജി.യിൽ

നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം 5000/- രൂപ (അയ്യായിരം രൂപ മാത്രം) ഈടാക്കാനും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) വീതം രണ്ട് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം കുറവു ചെയ്യാനും സർക്കാർ തീരുമാനിക്കുകയും പരാമർശം (6) പ്രകാരം ടിയാന്മാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. പരാമർശം (7), (8) പ്രകാരം ടിയാന്മാർ സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (9) പ്രകാരം അഭിപ്രായം അറിയിച്ചു.

7. മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിൽ റിസർവ്വ് വനങ്ങൾ ഒന്നും തന്നെയില്ലായെന്നും, യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടി കടത്തിയ സ്ഥലം റിസർവ്വ് വനമോ, ഇ.എഫ്.എൽ നിക്ഷിപ്ത വനമോ അല്ലായെന്നും, ആയതിനാൽ ഈ കേസിൽ സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലായെന്നുമുള്ള വാദം അംഗീകരിക്കാനാവില്ല. വനം വകുപ്പിന്റെ അധീനതയിലുള്ള KDH Land ൽ നട്ടുവളർത്തിയിട്ടുള്ള യൂക്കാലി മരങ്ങൾ സർക്കാർ വക ആയതിനാൽ മരങ്ങൾ നഷ്ടപ്പെട്ടതുമൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ട്. കൃത്യസ്ഥലം വനമല്ലായെന്ന് വാദിക്കുന്ന ശ്രീ.വി.സജികുമാർ ടി കേസ്സിൽ എന്തുകൊണ്ടാണ് കേരള ഫോറസ്റ്റ് ആക്ട് പ്രകാരം മഹസ്സർ തയ്യാറാക്കി കേസെടുത്തതെന്ന് പറഞ്ഞിട്ടില്ല.

8. തടികൾ നഷ്ടപ്പെട്ടതിന്റെ പ്രാഥമിക ഉത്തരവാദിത്വം സംരക്ഷണ വിഭാഗം ജീവനക്കാർക്കാണെന്നിരിക്കെ അവർക്കെതിരെ നടപടി സ്വീകരിച്ചില്ല എന്ന വാദം ശരിയല്ല. ടി ജീവനക്കാരിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

9. ടി കേസിൽ ഔപചാരികാന്വേഷണം വേണ്ട വിധത്തിൽ അല്ലാ നടത്തിയതെന്ന ടിയാന്റെ വാദവും പരിഗണിക്കാനാവില്ല. ടി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിൽ അപാകതകൾ ഒന്നും തന്നെ ഉള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ.വി.സജികുമാറിന്റെ വാദങ്ങൾ ഒന്നും തന്നെ പരിഗണനാർഹമല്ല.

10. ടി കൃത്യത്തിനെ കുറിച്ച് ശ്രീ.മുഹമ്മദ് ഷാഫിക്ക് അറിവില്ലായിരുന്നുവെന്നും, കൃത്യം നടന്ന സ്ഥലം സെക്ഷൻ സ്റ്റാഫ് 21.10.2004 ന് പരിശോധിക്കുകയും 22.10.2004 ന് ടിയാൻ മഹസ്സർ വെരിഫൈ ചെയ്യുകയും 81/04 നമ്പർ കേസായി രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയുണ്ടായി എന്ന് വാദിച്ചിട്ടുണ്ട്.

11. എന്നാൽ അന്വേഷണ റിപ്പോർട്ട് പ്രകാരം ടി കുറ്റകൃത്യം സംബന്ധിച്ച് 09.10.2004 ൽ അറിവുണ്ടായിട്ടും തുടർ നടപടികൾ സ്വീകരിച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളത് 21.10.2004 ന് മാത്രമാണ്. ഇതിൽ നിന്നും തന്നെ മഹസ്സർ തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിലും കാലതാമസവും വീഴ്ചയും ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കുന്നു. പ്രതികളെയും, തൊണ്ടിത്തടികളെയും കണ്ടെടുത്ത് നടപടികൾ സ്വീകരിക്കുന്നതിനു പകരം വിവരം റെയിഞ്ചാഫീസർക്ക് റിപ്പോർട്ടു ചെയ്യുക മാത്രമാണ് ശ്രീ.മുഹമ്മദ് ഷാഫി ചെയ്തിട്ടുള്ളത്. ഇത് ടിയാന്റെ ഭാഗത്തു നിന്നുണ്ടായ ഉത്തരവാദിത്വമില്ലായ്മയെയാണ് കാണിക്കുന്നത്.

12. മേൽ പ്രവൃത്തികളിൽ നിന്നും ടിയാനുൾപ്പെടെയുള്ള സ്റ്റാഫ് അവസരോചിതമായി പ്രവർത്തിച്ചിട്ടില്ല എന്ന കാരണത്താലാണ് തൊണ്ടി കണ്ടെടുക്കാൻ കഴിയാതിരുന്നതെന്ന് കാണാൻ കഴിയും. മേൽ സാഹചര്യത്തിൽ ടിയാന്റെ വാദം അംഗീകാര യോഗ്യമല്ല. റെയിഞ്ച് ഓഫീസറും, ഫോറസ്റ്ററും ഉത്തരവാദിത്വം ഏറ്റെടുക്കാതെ പരസ്പരം പഴിചാരുന്ന പ്രവണതയാണ് കാട്ടിയിട്ടുള്ളത്.

13. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) എന്നിവർക്കെതിരെ കാരണം കാണിക്കൽ നോട്ടീസിലെ ശിക്ഷ സ്ഥിരപ്പെടുത്തി തീർപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (10) പ്രകാരം ആരായുകയുണ്ടായി.

14. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (10) പ്രകാരം സർക്കാർ തീരുമാനങ്ങളോട് യോജിച്ചുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കാൻ ഉപദേശം നൽകുകയുണ്ടായി.

15. ഈ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും 5,000/- (അയ്യായിരം രൂപ മാത്രം) രൂപ ഈടാക്കിക്കൊണ്ടും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 V(A) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും, ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) ന്റെ ഡി.സി.ആർ.ജി.യിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം 5000/- (അയ്യായിരം രൂപ മാത്രം) രൂപ ഈടാക്കിക്കൊണ്ടും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറ് രൂപ മാത്രം) വീതം രണ്ട് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം കുറവ് ചെയ്തു കൊണ്ടും ടിയാന്മാർക്കെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി. മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട)
} (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (10.01.2017 ലെ A1(3)251/16/GW നമ്പർ കത്ത് പ്രകാരം) (ആമുഖ കത്ത് സഹിതം)
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ